# ചിൽഡ്രൻസ് ലിറ്റിൽ കിംഗ്ഡം

A CHRISTIAN MAGAZINE FOR CHILDREN

Vol: 6 | Issue: 63 | June 2016











വാളകം സെൻ്റർ ക്യാമ്പ്






CHILDREN'S
LITTLE KINGDOM
A CHRISTIAN MAGAZINE FOR CHILDREN
Vol: 6 Issue:63 June 2016

SBS Camp Centre, Puthenkavu P.O
Chengannur, Alappuzha (Dt), kerala
E-mail: sbskochi@gmail.com
Web: www.SBSindia.org

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
**Johnson Madappally**
Madappallil (H), Aasanpady,
Kizhakkambalam P.O, Ernakulam (Dt)
Mob: **09895727190**

ഇന്ത്യയിൽ **150** രൂപ
ഇന്ത്യയ്ക്ക് വെളിയിൽ **1500** രൂപ

കഥകൾ, ചിത്രങ്ങൾ, കവിതകൾ, കത്തുകൾ
തുടങ്ങി ലിറ്റിൽ കിംഗ്ഡത്തിലേയ്ക്കുള്ള
രചനകൾ അയയ്ക്കേണ്ട വിലാസം
**Jijo C. George** (Editor in Charge)
Chakaravelil House, Mulanthuruthy P.O
Paininkalpara, Ernakulam (Dt) Pin 682 314
Mob: **09961499479**, E-mail:evgjijo@gmail.com



Chief Editor:
**Dr. Johnson C Philip**, Kochi

Editorial Team:
**Abraham Thomas**, Kochi
**Reji K. Thomas**, Nellyadi
**Godson Valayil**
**Dharmaraj**, Mavelikkara
**Sibi Viswanathan**,Martandam

Managing Editor:
**Binu Samuel**, Pathanamthitta

Residential Editor:
**Jijo C. George**, Mulanthuruthy

Circulation Manager :
**Johnson Madappally**

Publisher:
**Alex Thomas**
SBS Camp Centre,
Puthencavu P.O, Chengannur,
Alappuzha (dt)


എഡിറ്റോറിയൽ



# ലഹരി മരുന്നിന്റെ ഭീഷണി

ലഹരി ഭ്രാന്ത് നിരപരാധികളുടെ ജീവനെടുക്കുന്ന അവസ്ഥയിലേക്ക് കേരളവും വളർന്നു കഴിഞ്ഞു. കൊച്ചിയിൽ ലഹരി മരുന്നിന് അടിമയായ അജി ദേവസ്യ അയൽവാസിയായ റിസ്റ്റി ജോൺ എന്ന പത്തു വയസ്സുകാരന്റെ കഴുത്തിൽ 17 തവണ കത്തി കുത്തിയിറക്കിയപ്പോൾ ലഹരി എന്ന മഹാശാപത്തിന്റെ രൗദ്രഭാവം അല്ലേ നാം കണ്ടത്. ലഹരി മനുഷ്യന്റെ സുബോധം നഷ്ടപ്പെടുത്തുമ്പോൾ അതോടൊപ്പം അവർ തകർക്കുന്ന ജീവിതങ്ങളുടെ എണ്ണവും ഓരോ ദിവസവും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ബോധവൽക്കരണവും, കൗൺസിലിംഗും, ലഹരിമുക്തി ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന നിരവധി സംഘടനകളും ഉണ്ടെങ്കിലും ലഹരിക്ക് അടിമകളാകുന്നവരുടെ എണ്ണം വർദ്ധിക്കുകയാണ്. ലഹരിക്ക് അടിമയാകുന്നവരിൽ 60 ശതമാനവും 40 വയസ്സിന് താഴെയുള്ളവരാണ്. ലഹരിക്ക് അടിമയാകുന്ന ഇവർ സ്വന്തകുടുംബത്തിന് മാത്രമല്ല സമൂഹത്തിനും ഭീഷണിയാകുന്നു എന്നതിന്റെ ഉദാഹരണമാണ് റിസ്റ്റിയുടെ മരണം. രോഗം വന്നതിന് ശേഷം ചികിത്സിക്കുന്നതിനേക്കാൾ നല്ലത് വരാതെ സൂക്ഷിക്കുന്നതാണല്ലോ. അങ്ങനെയെങ്കിൽ ലഹരി കേരളത്തിലേക്ക് വരുന്ന പഴുതുകൾ നാം അടയ്ക്കണം. നിയമങ്ങൾ കുറെക്കൂടി കർശനമാകണം. ലഹരി ഉപയോഗത്തെക്കുറിച്ച് അറിവ് ലഭിച്ചാൽ ബന്ധപ്പെട്ട അധികാരികളെ അറിയിക്കണം. ഓരോ വ്യക്തിയും തങ്ങളുടെ ജീവിതത്തിൽ ഒരു നിർണ്ണായകമായ തീരുമാനം എടുക്കണം. ഞാൻ ലഹരി ഉപയോഗിക്കില്ല, ലഹരി നിർമ്മാർജ്ജനം ചെയ്യുവാൻ എന്നാൽ ആവോളം ഞാൻ യത്നിക്കും. റിസ്റ്റിയുടെ കുടുംബത്തിന്റെ തീരാ ദുഃഖത്തിൽ ലിറ്റിൽ കിംഗ്ഡവും പങ്കു ചേരുന്നു.

ബൈബിൾ പറയുന്നു. നമ്മുടെ ശരീരം ദൈവത്തിന്റെ മന്ദിരം ആണ് ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും. ശരീരത്തെ നശിപ്പിക്കാനുള്ള ആലോചന നൽകുന്നത് പിശാചാണ്. ദൈവത്തിന്റെ ആലോചനയ്ക്ക് നാം കീഴ്പ്പെടണം.

ചൂടിന്റെ ആധിക്യം നിമിത്തം അവധിക്കാലം വിചാരിച്ചതു പോലെ സന്താഷകരമാക്കുവാൻ കഴിഞ്ഞില്ലായിരിക്കാം. നല്ല കാലാവസ്ഥയ്ക്കു വേണ്ടി ദൈവത്തോടു പ്രാർത്ഥിക്കാം. പുതിയ അദ്ധ്യയന വർഷത്തിൽ നമുക്കു ഒരു തീരുമാനത്തോടെ സ്കൂളിലേക്ക് പോകാം. നമ്മുടെ സഹപാഠികളിൽ ആരെങ്കിലും ലഹരി ഉപയോഗിക്കുന്നുവെങ്കിൽ അവരെ അതിൽ നിന്ന് പിൻതിരിപ്പിക്കാം, അവർക്കു വേണ്ടി പ്രാർത്ഥിക്കാം.

ആശംസകളോടെ
**ബിനു അങ്കിൾ**



# ലഹരിയിൽ നിന്ന് മോചനം

ബിനു സാമുവേൽ, ചാന്തുകാവ്

ഉത്സാഹത്തോടെ ആത്മീയ കാര്യങ്ങളിലും മറ്റും ഏർപ്പെട്ടു കൊണ്ടിരുന്ന കുട്ടിക്ക് പെട്ടെന്ന് വന്ന മാറ്റം മാതാപിതാക്കളെ അത്ഭുതപ്പെടുത്തി. എന്റെ കുട്ടിക്ക് എന്തു പറ്റി? എന്തെങ്കിലും രോഗം ആയിരിക്കും എന്ന് അവർ സംശയിച്ചു. എന്നാൽ അധികം താമസിയാതെ അവർ ആ സത്യം തിരിച്ചറിഞ്ഞു, കുട്ടി ലഹരിക്ക് അടിമയാണ്. അപ്പോഴേക്കും മകൻ തിരിച്ചു വരുവാൻ കഴിയാത്ത ഒരു അവസ്ഥയിലേക്ക് മാറ്റപ്പെട്ടു കഴിഞ്ഞിരുന്നു. പലപ്പോഴും ചെറുപ്പത്തിലെ നല്ല കുട്ടികളായിരുന്നവരാണ് പിന്നീട് ലഹരിക്ക് അടിമകളാകുന്നത്. റിസ്റ്റി എന്ന പത്തു വയസ്സുകാരനെ കൊലപ്പെടുത്തിയ ലഹരിക്ക് അടിമയായ അജി ദേവസ്യയെക്കുറിച്ച് തന്റെ സ്നേഹിതൻ പറഞ്ഞത്, "ഇവനും ഞങ്ങളുടെ പ്രതീക്ഷയായിരുന്നു, പത്താം ക്ലാസ്സ് വരെ ക്ലാസ്സിൽ ഒന്നാമൻ."" പക്ഷേ എപ്പോഴോ ലഹരി അവന്റെ ജീവിതത്തിലേക്ക് കടന്നു ചെന്നു. അത് അവനെ അടിമയാക്കി. എത്രയോ അജിമാര് നമ്മുടെ നാട്ടിലുണ്ട്. പലപ്പോഴും മനസ്സിലാകുന്നത് വളരെ വൈകിയാണ്.

ലഹരിയിലേക്ക് തിരിയുന്ന കുട്ടികളുടെ ലക്ഷണമെന്താണ്?

1. പുതിയ കൂട്ടുകെട്ടിലേക്ക് തിരിയുന്നു.

ഒരു കുട്ടി ലഹരിയിലേക്ക് തിരിയണമെങ്കിൽ അതിന് സഹായകരമാകുന്നത് അത്തരത്തിലുള്ള കൂട്ടുകാരാണ്. നേരത്തെ ഉണ്ടായിരുന്ന കൂട്ടുകാരിൽ നിന്ന് വ്യത്യസ്തരായ കൂട്ടുകാരുമായി കുട്ടി സൗഹാർദ്ദത്തിൽ ഏർപ്പെടുമ്പോൾ അവന്റെ സ്വഭാവത്തിന് മാറ്റം വരുന്നു എന്നാണർത്ഥം. ലഹരിക്ക് അടിമകളാകുന്ന കുട്ടികൾ എപ്പോഴും മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തരാകുവാൻ ശ്രമിക്കാറുണ്ട്. അവരുടെ വേഷവിധാനം, മുഖത്തെ ഷേവിംഗ് രീതി, തലമുടി വെട്ടുന്ന രീതി ഇങ്ങനെ സാധാരണയിൽ നിന്ന് വ്യത്യസ്തവും മറ്റുള്ളവരാൽ ശ്രദ്ധിക്കപ്പെടണമെന്ന രീതിയിലുമാണ് അവർ ജീവിക്കുന്നത്. ഈ കൂട്ടത്തിൽ ചെന്നുപെടുന്നവർ അറിഞ്ഞോ അറിയാതെയോ ആ രീതിയിലേക്ക് മാറുന്നു.

**2. പുതിയ കൂട്ടുകാരെ വീട്ടിലേക്ക് കൊണ്ടുവരാൻ ഇഷ്ടപ്പെടുന്നില്ല.**

നേരത്തെ തങ്ങളുടെ കൂട്ടുകാരെ എപ്പോഴും വീട്ടിലേക്ക് ക്ഷണിച്ചിരുന്നവർ പൊടുന്നനെ കൂട്ടുകാരെ വീട്ടിൽ കൊണ്ടുവരാൻ താത്പര്യമില്ലാതാകുന്നു. കാരണം നേരത്തെ ഓർപ്പിച്ചതു പോലെയുള്ള വേഷവിധാനങ്ങളോടു കൂടിയ പുതിയ കൂട്ടുകാരെ എങ്ങനെ മാതാപിതാക്കൾക്ക് പരിചയപ്പെടുത്തും? സ്വന്തം സഹോദരിമാരുടെ മുമ്പിൽ ഈ രൂപത്തെ എങ്ങനെ കാണിക്കാൻ കഴിയും. അതുകൊണ്ട് കൂട്ടുകാരെ വീട്ടിലേക്ക് കൊണ്ടുവരാതിരിക്കുന്നു.

**3. വീട്ടിൽ നിന്ന് അപ്രത്യക്ഷരാകുന്നു.**

വീട്ടിൽ ഇരിക്കുന്ന കുട്ടികളെ ഇടയ്ക്കിടെ കാണാതാകുന്നു. മാതാപിതാക്കൻമാരുടെ അനുവാദം കൂടാതെ പുറത്തു

പോകുന്നു. എവിടെ പോയി എന്നു ചോദിച്ചാൽ ശരിയായ ഉത്തരം ഇല്ല എന്നു മാത്രമല്ല അങ്ങനെ ചോദിക്കുന്നത് ഇഷ്ടപ്പെടുന്നില്ല. ചോദിക്കുന്നവരോട് ദേഷ്യപ്പെടുന്നു. തർക്കുത്തരം പറഞ്ഞ് ചോദ്യത്തിന് ഉത്തരം നൽകാതെ ഒഴിഞ്ഞുമാറാൻ ശ്രമിക്കുന്നു. ഇങ്ങനെയുള്ള കുട്ടികൾ ലഹരിക്ക് അടിമയാണോ എന്ന് സംശയിക്കുന്നു. കാരണം അവർക്ക് ഇടയ്ക്കിടെ ഇത് ഉപയോഗിച്ചേ മതിയാകൂ.

**4. ഏകാന്തത ഇഷ്ടപ്പെടുന്നു.**

ലഹരി ഉപയോഗിക്കുന്ന കുട്ടികൾ മറ്റുള്ളവരുമായി ചേർന്നു പോകുന്നതിനേക്കാൾ ഏകാന്തതയിൽ ഇരിക്കാനാണ് കൂടുതലും ഇഷ്ടപ്പെടുന്നത്. വീട്ടിൽ വന്നാൽ കതകടച്ച് മുറിയിൽ ഇരിക്കുക. ആവശ്യത്തിനു മാത്രം സംസാരിക്കുക. അവരുടെ ഏകാന്തതയ്ക്ക് തടസ്സം വരുന്ന എന്തെങ്കിലും ഉണ്ടായാൽ ദേഷ്യപ്പെടുക. ലഹരി കഴിച്ച് സ്വപ്ന ലോകത്ത് ഇരിക്കാനാണ് അവർക്ക് താത്പര്യം. ഇങ്ങനെയുള്ള ജീവിതരീതി പല കുട്ടികളെയും വിഷാദത്തിലേക്കും മാനസിക രോഗത്തിലേക്കും നയിക്കുന്നു.



**5. ഒന്നിലും ഉറപ്പില്ല**

ഒരു കാര്യത്തിലും അവർക്ക് ശ്രദ്ധ കേന്ദ്രീകരിക്കാൻ സാധിക്കുന്നില്ല. അവരുടെ മൂഡ് എപ്പോഴും മാറിക്കൊണ്ടിരിക്കും. ഇന്ന് എല്ലാവരുമായി സഹകരിക്കുന്ന രീതിയിലാണെങ്കിൽ നാളെ നേരെ എതിരായിരിക്കും. അങ്ങനെ ആടിക്കൊണ്ടിരിക്കുന്ന ഒരു ജീവിതത്തിന്റെ ഉടമയായിരിക്കും അവർ.

**6. ഉറക്കത്തിനും ഭക്ഷണരീതികൾക്കും വ്യത്യാസം**

സാധാരണവ്യക്തിയിൽ ഉറക്കത്തിന് പ്രത്യേക സമയമുണ്ട്. ഭക്ഷണത്തിന് സമയമുണ്ട്. ഇതിൽ വ്യത്യസ്തമായ ഒരു ശൈലി ആയിരിക്കും ഇവർ അവലംബിക്കുന്നത്. ചിലപ്പോൾ ഭക്ഷണം പോലും ഉപേക്ഷിച്ച് പകൽ മുഴുവൻ കിടന്ന് ഉറങ്ങുന്നവരുണ്ട്. ചിപ്പോൾ അമിതമായ ഭക്ഷണം കഴിക്കും, ചിലപ്പോൾ പാടെ ഒഴിവാക്കും. ഒരു അച്ചടക്കമില്ലാത്ത ജീവിതരീതിയായിരിക്കും ഇങ്ങനെയുള്ളവർക്ക് ഉള്ളത്.

**7. പണത്തിന്റെ പ്രശ്നം**

ജയിംസിന്റെ മാതാപിതാക്കൾ തങ്ങളുടെ മകന്റെ സ്വഭാവം മാറുന്നത് ശ്രദ്ധിച്ചു. വളരെ ശാന്തനായ ബാലൻ എപ്പോഴും ദേഷ്യപ്പെടുന്ന പ്രകൃതമുള്ളവനായി മാറി. അങ്ങനെയിരിക്കെ മാതാവിന്റെ പേഴ്സിൽ നിന്ന് കുറച്ചു പണം നഷ്ടപ്പെട്ടത് ശ്രദ്ധിക്കപ്പെട്ടു. എന്നാൽ അത് എങ്ങനെയോ നഷ്ടപ്പെട്ടതാകാം എന്നു മാതാവ് ആശ്വസിച്ചു. എന്നാൽ വീണ്ടും പണം നഷ്ടപ്പെട്ടപ്പോൾ മകനെ അമ്മ ചോദ്യം ചെയ്തു. എന്നാൽ മകൻ അത് നിഷേധിച്ചു. ചില ആഴ്ചകൾ കഴിഞ്ഞപ്പോൾ പട്ടണത്തിലെ കടയിൽ നിന്നും പണം മോഷ്ടിച്ചതിന് മകൻ പോലീസിന്റെ പിടിയിലായി. പോലീസിന്റെ പിടിയിലാകുമ്പോൾ ലഹരിയുടെ ഒരു കുപ്പിയും അവന്റെ കൈവശം ഉണ്ടായിരുന്നു. മകൻ ലഹരിയുടെ പിടിയിൽ ആയിരുന്നു എന്നത് മാതാപിതാക്കൾ വളരെ താമസിച്ചാണ് അറിഞ്ഞത്. കുട്ടികളുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ പല വീടുകളിലും മോഷണം നടക്കാറുണ്ടെങ്കിലും നാണക്കേടു കൊണ്ട് ആരും പുറത്തു പറയാറില്ല. ലഹരി കുട്ടികളെ മോഷണത്തിലേക്കും കൊണ്ടു ചെന്നെത്തിക്കുന്നു എന്ന യാഥാർത്ഥ്യം നാം വിസ്മരിക്കരുത്.

**8. ഉത്സാഹക്കുറവ്**



ഒന്നിലും ഒരു താത്പര്യമില്ല, പ്രത്യേകിച്ച് ആത്മീയ കാര്യങ്ങളിൽ. സംസാരിക്കുന്നതിൽ പോലും നാവുറയ്ക്കാത്ത സ്ഥിതിയിൽ എത്തിച്ചേരും. ജീവിതത്തിന്റെ താളവും ഈണവും നഷ്ടപ്പെട്ട് വാടിത്തളർന്ന ചേമ്പിൻതണ്ടു പോലെ ചുരുണ്ടു കൂടുന്ന ഒരു സ്ഥിതിവിശേഷം.

**9. ചുവന്ന കണ്ണുകൾ, ഛർദ്ദി, മറ്റു ശാരീരിക പ്രശ്നങ്ങൾ**


ലഹരി ആരോഗ്യത്തെ ബാധിക്കുന്നതാണ്. ലഹരിക്ക് അടിമയായിരിക്കുന്ന ഒരു കുട്ടിയെ തിരിച്ചറിയുന്നതിൽ വലിയ ബുദ്ധിമുട്ടുണ്ടാവില്ല. അവന്റെ കണ്ണുകൾ ചുവന്നതായിരിക്കും. ഛർദ്ദി സന്തത സഹചാരിയായി കൂടെയുണ്ടാവും. ശരീരത്തിൽ പലവിധത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടാകും. ഇതൊക്കെ അവസാന നാളുകളിൽ ആയിരിക്കും കൂടുതലായി കാണുക.

**10. ഓർമ്മക്കുറവ്, മുഖത്തിന്റെ ഭാവഭേദങ്ങൾ**

ലഹരി മനുഷ്യന്റെ ഓർമ്മയെ നശിപ്പിക്കും. എന്താണ് ചെയ്യുന്നത്? എങ്ങോട്ടാണ് പോകുന്നത്? എന്ന് അറിയാതെ വരുന്നു. സ്വയ ബുദ്ധി നഷ്ടപ്പെടുന്നു. ശരി ഏത് തെറ്റ് ഏത് എന്ന് തിരിച്ചറിയാൻ കഴിയാത്ത അവസ്ഥയിലാകുന്നു. ലഹരി മരുന്നിന് അടിമയായ വ്യക്തി നിർത്തിയിട്ട ഇലക്ട്രിക്ക് ട്രെയിനിന് മുകളിൽ കയറി വൈദ്യുത ലൈനിൽ പിടിച്ച് കത്തി ചാമ്പലായ സംഭവം ഇപ്പോഴും മാധ്യമങ്ങളിൽ പ്രചരിക്കുന്നുണ്ട്. മനുഷ്യനെ ജീവിതത്തിലെ ഏറ്റവും പരിതാപകരമായ അവസ്ഥയിലേക്ക് തള്ളിവിടുന്നതാണ് ലഹരി.

### എങ്ങനെ രക്ഷിക്കാം?

**കുട്ടികളിൽ ഇതിന്റെ സൂചന കണ്ടെത്തിയാൽ മാതാപിതാക്കൾ അവരെ കൗൺസിലിംഗ് സെന്ററിലോ, ലഹരി വിമുക്ത കേന്ദ്രങ്ങളിലോ എത്തിക്കുന്നതാണ് നല്ലത്. ലഹരിക്ക് അടിമയായി തീരുന്ന ഒരാളെ തിരിച്ച് സാധാരണ ജീവിതത്തിലേക്ക് കൊണ്ടുവരുവാൻ അല്പ പ്രയാസമാണ്. എന്നാൽ ദൈവത്തിന് കഴിയാത്തതൊന്നും ഇല്ലല്ലോ.**







## ലഹരിക്ക് എങ്ങനെ അടിമയാകാതിരിക്കാൻ കഴിയും?

1. ലഹരിയോട് വേണ്ട എന്നു പറയുക
2. ലഹരിക്ക് നിങ്ങളെ സംതൃപ്തിപ്പെടുത്താൻ കഴിയില്ല എന്ന് തിരിച്ചറിയുക.
3. ലഹരി ഉപയോഗിക്കുന്ന കുട്ടികളുമായുള്ള ബന്ധം വിച്ഛേദിക്കുക
4. നിങ്ങളുടെ ശരീരം ദൈവത്തിന്റെ വകയാണ് എന്ന് മനസ്സിലാക്കുക.
5. ശരീരത്തിനെതിരായി ചെയ്യുന്ന ഏതു പാപവും ദൈവത്തിനെതിരായി ചെയ്യുന്നു എന്ന ബോധ്യം ഉണ്ടാകുക.
6. ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും എന്ന മുന്നറിയിപ്പ് ഗൗരവമായി ഉൾക്കൊള്ളുക
7. പിശാചിന്റെ അടിമായാകാൻ നിങ്ങളുടെ ശരീരത്തെ വിട്ടുകൊടുക്കാതിരിക്കുക.
8. പ്രലോഭനം ഉണ്ടാകുമ്പോൾ കൂടുതൽ പ്രാർത്ഥിക്കുക.
9. നിങ്ങളെ സഹായിക്കാൻ കഴിയുന്ന ഒരാളുമായി ആത്മബന്ധം പുലർത്തുക.

**മാതാപിതാക്കളോട്**

1. മക്കളുടെ സ്വഭാവ മാറ്റം നമ്മെക്കാൾ മുമ്പെ അറിയുന്നത് മറ്റുള്ളവർ ആയിരിക്കും.
2. ആരെങ്കിലും ഒരു സൂചന തന്നാൽ തള്ളിക്കളയാതിരിക്കുക.
3. മക്കളിൽ വരുന്ന മാറ്റങ്ങൾ ശ്രദ്ധിക്കുകയും അവരെ ബോധ്യപ്പെടുത്തുകയും ചെയ്യുക.
4. മക്കളുടെ കൂട്ടുകാർ ആരെന്ന് അന്വേഷിക്കുക.
5. മക്കൾക്ക് ശരിയും തെറ്റും ഏതെന്ന് പറഞ്ഞു കൊടുക്കുക.
6. മക്കൾക്ക് വേണ്ടി പ്രാർത്ഥിക്കുക.



# ഇക്തൂസ് എന്ന മീൻ

**ധർമ്മരാജ്, മാവേലിക്കര**

നമ്മുടെ നാട്ടിൽ എത്രയോ തരത്തിലുള്ള മീനുകൾ ഉണ്ട്. അച്ഛനും അമ്മയ്ക്കുമൊപ്പം മാർക്കറ്റിൽ മീൻ വാങ്ങാൻ പോയിട്ടില്ലേ? കൂട്ടുകാർ എപ്പോഴെങ്കിലും ഇക്തൂസ് എന്ന് പേരുള്ള ഒരു മീനിനെക്കുറിച്ച് കേട്ടിട്ടുണ്ടോ? ഇനി അക്വേറിയത്തിൽ സൂക്ഷിക്കുന്നതും പുറംനാടുകളിൽ നിന്നു വല്ലോം വന്ന മീനാണോ ഈ ഇക്തൂസ്? ഈ മീനിന്റെ കഥയാണ് അങ്കിൾ ഈ ആഴ്ച പറയുന്നത്. സത്യം പറഞ്ഞാൽ ഇക്തൂസ് എന്നത് ഒരു മീനിന്റെ പേരല്ല പിന്നെയോ 'മീൻ' എന്നു തന്നെയാണ്. പക്ഷെ ഇത് കടൽ കടന്നു വന്ന പുതിയ മീനൊന്നുമല്ല. നമുക്ക് വളരെ അകലെയല്ലാത്ത ഒരു രാജ്യത്തെ അവരുടെ ഭാഷയിൽ ഇക്തൂസ് എന്നു പറഞ്ഞാൽ മീൻ എന്നാണർത്ഥം. അത് ഏതു നാടാണെന്നറിയാമോ? ഇസ്രായേൽ. എന്താണാവോ ഇവിടുത്തെ മീനിന്റെ പ്രത്യേകത?

മീനിന്റെ പ്രത്യേകത കൊണ്ടൊന്നുമല്ല ഈ കഥ പറയുന്നത് മീൻ എന്ന വാക്കിന്റെ പ്രത്യേകതയുടെ കാര്യമാണ് പറയുവാൻ പോകുന്നത്. നിങ്ങൾ സ്കൂളിൽ ചെല്ലുമ്പോൾ ക്ലാസ്സ് തുടങ്ങുന്നതിനു മുമ്പ് നിങ്ങളുടെ ടീച്ചേഴ്സിനോട് ഗുഡ്മോണിങ്ങ് എന്നോ, നമസ്തേ എന്നോ ഒക്കെ പറയാറില്ലേ? പിന്നെ കൂട്ടുകാർ തമ്മിലാണെങ്കിലോ? ഹായ്, ഹലോ എന്നൊക്കെയും നാം പറയാറില്ലേ? അതിലും രസകരമായത് കൂട്ടുകാർ തമ്മിൽ ആംഗ്യഭാഷയിലൂടെ സംബോധന ചെയ്യുന്നതാണ്. കുറേ നാൾ കാണാതെയിരുന്ന കൂട്ടുകാർ തമ്മിൽ കണ്ടാൽ ചിലർ കൈ കൊടുക്കും, ചിലർ കൈകൾ തമ്മിൽ കൂട്ടി മുട്ടിക്കും ചിലരാകട്ടെ കൂവുകയും കൈകൾ തമ്മിലടിച്ച് ചിരിക്കുകയും ഒക്കെ ചെയ്യും. ഇങ്ങനെ നീളുന്നു നമ്മുടെ കണ്ടുമുട്ടലുകൾ.

എന്നാൽ ഒന്നും രണ്ടും നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്ന ക്രിസ്തീയ വിശ്വാസികൾ ഏറ്റവും അധികം ഉപയോഗിച്ചിരുന്ന ഒരു ചിഹ്നമാണ് ഇക്തൂസ്. ഈ ചിഹ്നം അവരുടെ ഒരു രഹസ്യ ചിഹ്നമായിരുന്നു. ക്രൂരന്മാരായ റോമൻ പട്ടാളക്കാരുടെ കണ്ണിൽ അകപ്പെടാതെ രഹസ്യമായി കർത്താവിനെ അവർ ആരാധിക്കുകയും കർത്താവിനോട് പ്രാർത്ഥിക്കുകയും ചെയ്തുപോന്നു. എന്നാൽ അവർ കൂടിവരുന്ന സ്ഥലം അവർ രഹസ്യമായിത്തന്നെ സൂക്ഷിച്ചു. അവർ കൂടിവരുന്ന സ്ഥലങ്ങൾ മറ്റു വിശ്വാസികളെ അറിയിച്ചിരുന്നത് ഒരു മീനിന്റെ ചിത്രം വരയ്ക്കുന്നതിലൂടെയാണ്. റോമൻ പട്ടാളമുള്ള തെരുവുകളിലൂടെ ക്രിസ്തുവിശ്വാസികൾ പോകുമ്പോൾ തങ്ങൾക്കെതിരായി അധികം പരിചയമില്ലാത്ത ഒരു വ്യക്തി വന്ന് താൻ ക്രിസ്തുവിനെ അനുഗമിക്കുന്നവനാണ് എന്നു പറയുന്നതിനു പകരം നിലത്ത് ഏകദേശം അർദ്ധവൃത്താകൃതിയിൽ വരയ്ക്കും. അപ്പോൾ ഇതു കണ്ടുനിൽക്കുന്ന മറ്റേ വിശ്വാസി വരച്ച വരയുടെ ഒരറ്റത്തുനിന്നും തുടങ്ങി എതിർദിശയിലേക്കു മറ്റൊരു അർദ്ധവൃത്തം വരയ്ക്കുകയും ചെയ്യും. അങ്ങനെ രണ്ടു വരയും കഴിയുമ്പോൾ അതിന് ഏകദേശം ഒരു മീനിന്റെ ആകൃതിയുണ്ടാവും. അതാണ് ഇക്തൂസ്.

ഇപ്പോൾ കൂട്ടുകാർ വിചാരിക്കുന്നുണ്ടാവും അവർക്ക് ഈ മീനൊന്നും വരയ്ക്കാതെ യേശു, കർത്താവ്, ക്രിസ്തു, എന്നൊക്കെ എഴുതിയാൽ പോരായിരുന്നോ എന്ന്. എന്നാൽ വാസ്തവത്തിൽ അവർ അതു തന്നെയാണ് എഴുതിയത്. ഇക്തൂസ് എന്നത് ഒരു ചുരുക്കെഴുത്താണ്. ഉദാഹരണത്തിന്, ക്രിസ്തുവിന് മുൻപ് (ബിഫോർ ക്രൈസ്


റ്റ്) എന്നതിനെ നാം ബി.സി എന്ന ചുരുക്കിഎഴുതാറില്ലേ. അതുപോലെ തന്നെയാണ് ഇക്തൂസ്. ഇക്തൂസ് എന്ന ചുരുക്കെഴുത്തിലൂടെ അവർ പറഞ്ഞിരുന്നത് ഒരു വലിയ സന്ദേശമാണ്, ഒരു വലിയ ആഹ്വാനവുമാണ്. ഇക്തൂസ് എന്നത് വിപുലീകരിച്ചെഴുതിയാൽ അതിന്റെ ആശയം ഇങ്ങനെയാണ്- "യേശുക്രിസ്തു ദൈവപുത്രനും രക്ഷകനുമാണ് ". ഏതു പ്രതികൂലമായാലും യേശുകർത്താവിനെക്കുറിച്ച് പറയുന്നതിൽ ആദിമകാല വിശ്വാസികൾ ഭയപ്പെട്ടിരുന്നില്ല. കൊച്ചുകൂട്ടുകാരേ, ഇന്ന് നമുക്ക് അനുകൂലമായ സാഹചര്യം ഉണ്ടായാലും ഈ യേശുകർത്താവിനെക്കുറിച്ച് നമ്മുടെ കൂട്ടുകാരോടു പറയുവാൻ നമ്മൾ മടി കാണിച്ചിട്ടുണ്ടോ? കളിയാക്കലിനെ ഭയന്ന് നമ്മുടെ വിശ്വാസത്തെ നാം മറന്നുപോയിട്ടുണ്ടോ? യേശുകർത്താവിൽ വിശ്വസിക്കുന്ന മറ്റു കൂട്ടുകാരെതള്ളിപ്പറഞ്ഞിട്ടുണ്ടോ? നാം എത്രയോ ഉത്തരവാദിത്വം ഉള്ളവരാണ്. തിരുവചനം ഇങ്ങനെ പറയുന്നു- "മറ്റൊരുത്തനിലും രക്ഷയില്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവുമില്ല" (അ.പ്ര. 4:12). നമുക്കും ഈ നാമത്തെ സാക്ഷിക്കാം ഇക്തൂസ്. ●

# ഭാഗ്യവാനായ ഗ്രാമീണബാലൻ



ഇംഗ്ലണ്ടിലെ ഒരു സമ്പന്നകുടുംബം വിനോദയാത്രാമദ്ധ്യേ ഒരു ഗ്രാമത്തിൽ എത്തിച്ചേർന്നു. ഗ്രാമത്തിലെ പുഴയിൽ യാത്രാസംഘത്തിൽപ്പെട്ട കുട്ടികൾ കുളിക്കാനിറങ്ങി. പുഴയിലെ മത്സ്യങ്ങളെപ്പോലെ അവർ നീന്തിത്തുടിച്ചു.

അവരിൽ ഒരു കുട്ടിക്ക് നീന്തൽ അത്ര നന്നായി അറിയാമായിരുന്നില്ല. അവൻ പുഴയിൽ താഴുന്നത് സംഘാംഗങ്ങൾ ശ്രദ്ധിച്ചില്ല. പക്ഷെ ഒരാൾ കാണുന്നുണ്ടായിരുന്നു. പുഴയിൽ ചൂണ്ടയിട്ടുകൊണ്ടിരുന്ന ആ ഗ്രാമത്തിലെ ഒരു ദരിദ്രബാലൻ. പെട്ടെന്നവൻ ചൂണ്ട വലിച്ചെറിഞ്ഞിട്ട് പുഴയിലേക്ക് എടുത്തുചാടി. വെള്ളം കുടിച്ച് ക്ഷീണിച്ചവശനായ ആ കുട്ടിയുടെ മുടിക്ക് പിടിച്ച് വലിച്ച് കരയ്ക്ക് കൊണ്ടുവന്നു.




അപ്പോൾ മാത്രമാണ് മാതാപിതാക്കളും മറ്റ് കുട്ടികളും വിവരമറിയുന്നത് തന്റെ മകന്റെ രക്ഷകനാണ് മുമ്പിൽ നിൽക്കുന്ന കൊച്ചുബാലൻ എന്നറിഞ്ഞ മാതാപിതാക്കൾ അവനേയും കൂട്ടി അവന്റെ കുടിലിലേക്ക് നടന്നു. അവിടെ എത്തിയ അവർ നടന്ന വിവരം പറഞ്ഞു സന്തോഷത്തിനായി എന്തെങ്കിലും സമ്മാനം സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചു. പാവങ്ങളാണെങ്കിലും നിർമ്മല മനസ്സിനുടമകളായ ആതിഥേയർ അതിഥികളുടെ അഭ്യർത്ഥന നിരസിച്ചു. പക്ഷെ അതിഥികൾ വിടാൻ ഭാവമില്ലായിരുന്നു. അവർ ബാലനെ തങ്ങളുടെ കൂട്ടത്തിൽ കൊണ്ടുപോയി പഠിപ്പിക്കാമെന്നു പറഞ്ഞപ്പോൾ മാതാപിതാക്കൾ ധർമ്മസങ്കടത്തിലായി. മകന്റെ നന്മയെക്കരുതി മാത്രം അവർ അത് സമ്മതിച്ചു. അതിഥികൾ സന്തോഷത്തോടെ അവിടെനിന്നും യാത്രയായി.

അന്ന് അപകടത്തിൽ നിന്ന് രക്ഷപ്പെട്ട കുട്ടിയാണ് പിന്നീട് ബ്രിട്ടീഷ് പ്രധാനമന്ത്രിയായ സർ വിൻസ്റ്റൺ ചർച്ചിൽ. ഗ്രാമീണബാലൻ പെൻസിലിൻ കണ്ടുപിടിച്ച അലക്സാണ്ടർ ഫ്ളെമിംഗ് എന്ന ശാസ്ത്രജ്ഞനും.

# ചിത്രത്തിന് നിറം കൊടുക്കുക

ഈ ചിത്രത്തിന് നിറം കൊടുക്കുക. എന്നിട്ട് ഈ പേജ് അയച്ചുതരിക. ഏറ്റവും നല്ല കളറിംഗിന് ലിറ്റിൽ കിംഗ്ഡം സമ്മാനം അയച്ചുതരുന്നതാണ്. അയക്കേണ്ട വിലാസം: Jijo C. George (Editor In Charge), Chakravelil House, Mulanthuruthy P.O. Paininkalpara, Ernakulam Dt, Pin - 682 314



Name: ........................................................................Age: ............Std................


# പദപ്രശ്നം

പദപ്രശ്ന മത്സരങ്ങൾക്ക് തുടർച്ചയായി ഒരു വർഷം ശരിയുത്തരം അയക്കുന്ന കൂട്ടുകാർക്ക് ലിറ്റിൽ കിംഗ്ഡം പ്രത്യേകം സമ്മാനം നൽകുന്നു. **ഉത്തരങ്ങൾ ജൂൺ 15–ാം തീയതിക്കു മുമ്പായി അയക്കുക.**

പദപ്രശ്നം അയക്കേണ്ട വിലാസം

Jijo C. George (Editor In Charge), Chakravelil House, Mulanthuruthy P.O. Paininkalpara, Ernakulam Dt, Pin - 682 314.
നിങ്ങളുടെ വിലാസത്തിനൊപ്പം ഫോൺ നമ്പർ കൂടി ചേർക്കുക.

## യോശുവ 6 മുതൽ 9 വരെയുള്ള അദ്ധ്യായങ്ങളിൽ നിന്ന്



**വലത്തോട്ട്**

3. എത്ര ദിവസം കഴിഞ്ഞപ്പോഴാണ് ഗിബെയോന്യർ സമീപസ്ഥരാണെന്ന് യിസ്രായേൽ മനസ്സിലാക്കിയത്?
4. യെരീഹോ പട്ടണത്തിൽ യിസ്രായേൽ കൊന്നൊടുക്കിയ മൃഗങ്ങളിൽ ഒന്ന്
5. ആരാണ് ഹായിപട്ടണം പിടിച്ച് ക്ഷണത്തിൽ അതിനു തീവെച്ചത്?
7. സന്ധ്യവരെ മരത്തിൽ തൂക്കിയത് ഈ പട്ടണത്തിലെ രാജാവിനെയാണ്.
8. അവൻ യഹോവയുടെ നിയമം ലംഘിച്ചു യിസ്രായേലിൽ .................. പ്രവർത്തിച്ചിരിക്കുന്നു.

**താഴോട്ട്**

1. നീ ഞങ്ങളെ വലച്ചത് എന്ത്? .......................... ഇന്നു നിന്നെ വലയ്ക്കും എന്ന് യോശുവ പറഞ്ഞു.
2. പരാക്രമശാലികളായ എത്ര പേരെയാണ് യോശുവ രണ്ടാമത് ഹായിയിലേക്ക് രാത്രിയിൽ അയയ്ച്ചത്?
3. ഹായി പട്ടണം പിടിക്കുവാൻ ആദ്യം ജനത്തിൽ നിന്ന് ഏകദേശം എത്രപേരാണ് പോയത്?
4. ആഖാന്റെ പിതാവ്
6. ജനം എന്തുകേട്ട ശേഷം ആർപ്പിട്ടപ്പോഴാണ് യെരീഹോ മതിൽ വീണത്?

## പദപ്രശ്നം - ഏപ്രിൽ മാസത്തിലെ വിജയികൾ

ജെറിൻ റോയ്, ഊരമന
കൃപ മേരി ജോൺ, മീനടം
അഫ്സ ഫിലിപ്പ് പൊന്തെൻപുഴ
ഡൊമിനിയ റെജി ഇടുക്കി
ഫേബ മേഴ്സിലി. മലമ്പുഴ
സെഫിൻ വർഗ്ഗീസ്, പാലക്കാട്
എമിലി മറിയം ഡിഗ്നിറ്റി, തിരുവല്ല
സെറീന സ്റ്റാൻലി, മലമ്പുഴ
ഗായോസ് ഷാജി, അങ്കമാലി
ക്രിസ്വിൻ മാത്യു, മേലുകാവുമറ്റം
ഹുൽദ എസ്. ജോൺസൻ, അഞ്ചുതെങ്ങ്
റിജോയ് ഡേവിഡ്, പാലക്കാട്
ടൈറ്റസ് വർഗീസ്, മാന്നാർ
ഏബെൽ സാം സന്തോഷ്, പേരൂർക്കട
ജെയ്സൺ തോമസ്, കൊട്ടാരക്കര
ആൽഫിൻ എം. അബ്രഹാം, പാക്കിൽ



# അമ്മേ





**ശാന്താ ജോൺസൺ**

*എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്ക് തന്നെ, സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്ന് നാം അറിയുന്നു (റോമർ. 8:28).*

ഐർലന്റിലെ ഒരു ചെറിയ ഗ്രാമമായ മിലിസിലിൽ ഡേവിഡ് കാർമിക്കലിന്റെയും കാതറിന്റേയും മകളായി ആമി വിൽസൺ ജനിച്ചു. 7 മക്കളിൽ മൂത്തതായിരുന്നു ആമി. ആമിക്ക് 16 വയസ്സുള്ളപ്പോൾ അവളുടെ പിതാവ് മരിച്ചു. ആമിയുടെ കണ്ണിന്റെ നിറം ബ്രൗൺ കളർ ബാക്കിയുള്ള സഹോദരങ്ങളുടേയും ഐർലന്റുകാരുടേയും കണ്ണിന്റെ നിറം നീല. പലരും അവളെ കളിയാക്കി. നീലനിറം കിട്ടുവാൻ അവൾ ദൈവത്തോട് പ്രാർത്ഥിച്ചു. മാത്രമല്ല ഉപവസിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. വിശ്വാസത്തോടെ പ്രാർത്ഥിച്ചിട്ട് കണ്ണാടിയിൽ നോക്കുക പോലും ചെയ്തു. പക്ഷെ കണ്ണിന്റെ നിറം മാറിയില്ല. എന്തുകൊണ്ട് അവളുടെ കണ്ണിന്റെ നിറം ബ്രൗണായി എന്നത് അവൾക്ക് അറിയില്ലായിരുന്നു എന്നാൽ പിന്നീട് അവൾക്ക് മനസ്സിലായി.

18-ാം വയസ്സിൽ അവൾ ബെൽഫാസ്റ്റ് ഫാക്ടറിയിൽ ജോലി ചെയ്യുന്ന പെൺകുട്ടികൾക്കായി ഒരു സണ്ടേസ്കൂൾ തുടങ്ങി. കുട്ടികൾ വന്നപ്പോൾ ഇരിക്കാൻ സ്ഥലമില്ലാ അവർ പ്രാർത്ഥിച്ചു. ഫാക്ടറിയുടെ ഉടമസ്ഥൻ സ്ഥലവും, മിസ് കേറ്റ് മൈക്കൽ 500 ഡോളറും കൊടുത്തു. അങ്ങനെ 500 പേർക്ക് ഇരിക്കാവുന്ന ഹാൾ ഉണ്ടായി.

1889-ൽ അവിടെ നിന്ന് മാഞ്ചസ്റ്ററിൽ പോയി അവിടെ വെച്ച് ഹഡ്സൺ ടൈലറിന്റെ പ്രസംഗം കേട്ട് തന്നെ പൂർണ്ണസമയ മിഷണറിയായി സമർപ്പിച്ചു.

അവൾ വേലയ്ക്ക് ജപ്പാനിലേക്ക് പോയെങ്കിലും അസുഖമായി തിരിച്ചു വന്നു. അതിനുശേഷം അവൾ ഇന്ത്യയിലേക്ക് വന്നു ബാംഗ്ലൂരിൽ നിന്ന് തമിഴ്നാട്ടിൽ എത്തി. ഡോണാവർ എന്ന സ്ഥലത്ത് പ്രവർത്തനം ആരംഭിച്ചു.

ദേവദാസികളേയും മറ്റ് ഉപേക്ഷിക്കപ്പെട്ട പെൺകുട്ടികളേയും, വ്യഭിചാരത്തിനായി വിറ്റ പെൺകുട്ടികളെ കണ്ടുപിടിച്ച് അവരെ കൊണ്ടുവന്ന് സംരക്ഷിക്കുവായി തുടങ്ങി. ദേഹത്ത് ചായം പൂശി, സാരി ധരിച്ചുപോകുന്ന ആമിയെ കണ്ടാൽ ആരും അവൾ ഒരു ഐർലണ്ടുകാരിയാണെന്നു പറയില്ല, കാരണം അവളുടെ കണ്ണിന്റെ നിറം ഇന്ത്യക്കാരുടേതുപോലെ ബ്രൗൺ ആയിരുന്നു. ഇപ്പോൾ അവൾക്ക് മനസ്സിലായി ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്ക് സകലവും നന്മയ്ക്കായിക്കൂടി വ്യാപരിക്കും. അവൾ നിഷ്പ്രയാസം അവരുടെ അമ്പലങ്ങളിൽ പോയി അനേകം പെൺകുട്ടികളെ രക്ഷിച്ചു. 1913-ൽ ദിഡോണാവർ ഫെലോഷിപ്പ് എന്നൊരു പ്രസ്ഥാനം തുടങ്ങി. 130 പെൺകുട്ടികൾ അവളുടെ സംരക്ഷണയിലുണ്ടായിരുന്നു. കൂടാതെ അനാഥ ആൺകുഞ്ഞുങ്ങൾക്കായും ഒരു ഭവനം ഉണ്ടാക്കി. ഉപേക്ഷിക്കപ്പെട്ട സ്ത്രീകളുടെ കുഞ്ഞുങ്ങളുടെ സംരക്ഷണത്തിനായിരുന്നു അത്.

1932-ൽ അവൾ വീണ് കട്ടിലിൽ അഭയം പ്രാപിച്ചു. ഏകദേശം 19 വർഷം അവൾ കട്ടിലിൽ നിന്ന് എഴുന്നേൽക്കാൻ വയ്യാത്ത അവസ്ഥയിലായി എന്നിട്ടും അവിടെ കിടന്നുകൊണ്ട് അവൾ പ്രസ്ഥാനത്തിന്റെ കാര്യം നോക്കി മാത്രമല്ല ഏകദേശം 35 പുസ്തകങ്ങളോളം അവൾ എഴുതി 1951-ൽ 83-ാം വയസ്സിൽ അവൾ അവളുടെ പ്രിയന്റെ അടുത്തെത്തി 55 വർഷക്കാലം ഇന്ത്യയിലെ പെൺകുട്ടികൾക്ക് വേണ്ടി അവൾ ജീവിച്ചു. തന്റെ ശവക്കോട്ടയിൽ ഒന്നും എഴുതിവെയ്ക്കരുതെന്ന് അവൾ പറഞ്ഞെങ്കിലും അവളെ സ്നേഹിക്കുന്ന പെൺകുഞ്ഞുങ്ങൾ ഒരു കല്ലിൽ ഇത്രമാത്രം എഴുതി "അമ്മ" അവളുടെ ജീവിതം ജിം എലിയട്ടിനേയും എലിസബെത്തിനെയും സ്വാധീനിച്ചു. അവരും വേലയ്ക്ക് തങ്ങളെത്തന്നെ സമർപ്പിച്ചു.

A young lady asked Amy "What is missionary life like"' - She replied "missionary life is simply a chance to die''



# ഇറാ സാങ്കി

## മൂഡിയുടെ പാട്ടുകാരൻ

1870-ൽ ഇന്ത്യാന പോലീസിൽ നടന്ന വൈ.എം.സിയുടെ അന്തർദ്ദേശീയ സമ്മേളനം. അവിടെ സംഗീതശുശ്രൂഷ നിർവ്വഹിച്ചത് സാങ്കി എന്ന യുവഗായകനായിരുന്നു. അദ്ദേഹം പാടിയ "രക്തം നിറഞ്ഞൊരുറവയുണ്ടതിൽ" എന്ന ഗാനം അവിടെക്കൂടിയ അനേകരിൽ ചലനമുളവാക്കി. അന്നാണ് ഡി.എൽ മൂഡി സാങ്കിയെ ആദ്യമായി കാണുന്നത്. ചരിത്രപ്രസിദ്ധമായ മൂഡി- സാങ്കി സമാഗമം നടന്നത് അന്നായിരുന്നു.

എവിടെയാണ് നിങ്ങളുടെ വീട്? വിവാഹിതനാണോ? എന്തു ചെയ്യുകയാണ്? ഒറ്റ ശ്വാസത്തിൽ മൂഡി ചോദിച്ചു. സാങ്കി ഒന്ന് അമ്പരക്കാതിരുന്നില്ല. പെൻസിൽവാനിയായിലെ ന്യൂകാസിലിലാണ് എന്റെ താമസം. വിവാഹിതനാണ് രണ്ടു മക്കളുണ്ട്. റവന്യൂ ഡിപ്പാർട്ടുമെന്റിൽ ജോലി ചെയ്യുകയാണ്. സാങ്കി പതിയെ പറഞ്ഞു.

"താമസിയാതെ നിങ്ങൾക്ക് ജോലി ഉപേക്ഷിക്കേണ്ടി വരും" മൂഡി പറഞ്ഞു. സാങ്കിക്ക് ഒന്നും മനസ്സിലായില്ല. എന്തുകൊണ്ട്? വിക്കിക്കൊണ്ട് അദ്ദേഹം ചോദിച്ചു. എന്റെ ശുശ്രൂഷയിൽ പങ്കാളിയാവാൻ നിങ്ങൾ ചിക്കാഗോയിലേക്ക് വരുന്നു" മൂഡി പ്രഖ്യാപിച്ചു.

സാങ്കിക്ക് ആകെ വല്ലാതെ തോന്നി ഇതെന്തൊരു മനുഷ്യൻ? ആദ്യമായാണ് കാണുന്നത് ഉടനെ പറയുന്നത് സർക്കാർ സർവ്വീസിലുള്ള സുരക്ഷിതമായ ജോലി ഉപേക്ഷിക്കണമെന്നും അയാളോടൊപ്പം ചെല്ലണമെന്നും...

"നിങ്ങൾ വന്നേ മതിയാകൂ. കഴിഞ്ഞ എട്ടുവർഷമായി ഞാൻ നിങ്ങളെ അന്വേഷിച്ചുകൊണ്ടിരിക്കുകയായിരുന്നു" മൂഡി പറഞ്ഞു. സാങ്കി എതിർത്തില്ല. പ്രാർത്ഥിച്ചു നോക്കട്ടെ എന്നു മാത്രം പറഞ്ഞു. അങ്ങനെയെങ്കിൽ നമുക്കൊരുമിച്ച് ഇപ്പോൾത്തന്നെ അതിനുവേണ്ടി പ്രാർത്ഥിക്കാമല്ലോ എന്നായി മൂഡി. അദ്ദേഹം തല വണക്കുകയും അതിനായി പ്രാർത്ഥിക്കുകയും ചെയ്തു. കർത്താവേ ഈ സഹോദരൻ എന്നോടൊപ്പം വരുന്നത് നിന്റെ ഹിതമാണെന്ന് അദ്ദേഹത്തിന് വെളിപ്പെടുത്തേണമേ...

ഉച്ചഭക്ഷണത്തിനായി അവർ പിരിഞ്ഞു കുറെക്കഴിഞ്ഞപ്പോൾ ആരോ ഒരു കുറിപ്പ് സാങ്കിയുടെ കയ്യിൽ കൊടുത്തു. അഞ്ചുമണിക്ക് സമ്മേളനനഗരിക്കു പുറത്തുള്ള നാൽക്കവലയിൽ വന്നു ചേരുക- മൂഡി.

ഫാക്ടറി പിരിഞ്ഞ് തൊഴിലാളികൾ തെരുവിലേക്കിറങ്ങുന്നതേയുള്ളൂ. മൂഡി അവിടെ കാത്തു നിൽക്കുന്നുണ്ടായിരുന്നു. ഒരു വീഞ്ഞപ്പെട്ടി കാട്ടി സാങ്കിയോട് അതിൽ കയറി നിൽക്കാൻ മൂഡി ആവശ്യപ്പെട്ടു. പാടൂ അദ്ദേഹം ആജ്ഞാപിച്ചു. സാങ്കി പാടി...

നിൽക്ക! നിൽക്ക! പാപിയെ
നോക്കുക നിൻ പാതയെ
വെക്കരുതേ പാദമിനി
തക്കവഴി കാണും മുമ്പെ ...


ആളുകൾ പാട്ടുകേട്ടു നിന്നു. മൂഡി പ്രസംഗിച്ചു തുടങ്ങി. കൂടുതൽ കൂടുതൽ ആളുകൾ പ്രസംഗം കേൾക്കാനെത്തി. ഇരുപത്തിയഞ്ചു മിനിറ്റു കഴിഞ്ഞപ്പോൾ മൂഡി പറഞ്ഞു. ഈ പാട്ടും ഈ പ്രസംഗവും ഇന്നു വൈകുന്നേരം വീണ്ടും തുടരുന്നു. വൈ.എം.സി.എ വാടകയ്ക്കെടുത്ത ഓപ്പറ ഹൗസിൽ ... വരിക.

സാങ്കിയും കൂട്ടരും പാടിക്കൊണ്ട് തെരുവിലൂടെ മാർച്ചു ചെയ്തു ... പാപക്കടം തീർക്കുവാൻ, യേശുവിൻ രക്തം മാത്രം...

സാങ്കിക്ക് മൂഡിയെ ബോധിച്ചു തുടങ്ങി. വാസ്തവത്തിൽ സാങ്കിയുടെ ജീവൻ തന്നെ അയാളുടെ പാട്ടിനോട് കടപ്പെട്ടിരിക്കുന്നു. ആഭ്യന്തരയുദ്ധക്കാലത്ത് ഒരു സെൻട്രിയായി രാത്രിയിൽ കാവൽ നിൽക്കുമ്പോൾ സമയം പോക്കാൻ സാങ്കി പാട്ടുപാടിക്കൊണ്ടിരുന്നു. എന്നാൽ സാങ്കി അറിയാത്ത മറ്റൊരു കാര്യം അപ്പോൾ നടക്കുന്നുണ്ടായിരുന്നു. അടുത്ത കുറ്റിക്കാട്ടിൽ ഒളിച്ചിരുന്ന കലാപകാരികളിലൊരാൾ സെൻട്രിയായിരുന്ന സാങ്കിയെ വെടിവെയ്ക്കാൻ തോക്കുയർത്തിയപ്പോഴാണ് അതറിയാതെ സാങ്കി പാട്ടുപാടിയത്. സാങ്കിയുടെ മധുരമായ ശബ്ദത്തിൽ ആകൃഷ്ടനായി അയാൾ തോക്കു താഴ്ത്തുകയായിരുന്നു.

തന്റെ ജീവൻ രക്ഷിച്ച മധുരശബ്ദം യേശുകർത്താവിന് പ്രയോജനകരമായ നിലയിൽ ഉപയോഗപ്പെടുത്തണമെന്ന് സാങ്കിക്ക് എന്നും ആഗ്രഹമുണ്ടായിരുന്നു. എന്നാൽ ബാങ്ക് പ്രസിഡന്റും സെനറ്ററുമായ ഒരാളുടെ മകനായി ജനിച്ച് സുരക്ഷിതമായ ഒരു സർക്കാർ ജോലിയിൽ കഴിയുന്ന സാങ്കിക്ക് എല്ലാം വിട്ട് ചിക്കാഗോയിലെ ചേരികളിൽ പ്രവർത്തിക്കുന്ന ഒരു മിഷണറിയുടെ കൂടെ പോകാൻ രണ്ടു വട്ടം ആലോചിക്കേണ്ടിയിരുന്നു. ഭാര്യ ഫാനിയോട് (അവരും ഒരു സെനറ്ററുടെ മകളായിരുന്നു) സാങ്കി കാര്യങ്ങൾ പങ്കു വെച്ചു. ആറുമാസത്തിനുശേഷം ഒരാഴ്ച ഒരു പരീക്ഷണമെന്ന നിലയിൽ മൂഡിയോടു കൂടെ താമസിക്കാൻ സാങ്കി പുറപ്പെട്ടു. ആ ആഴ്ചയ്ക്കൊടുവിൽ സാങ്കി ജോലി രാജി വെച്ചു. പുതുക്കിപ്പണിത ഫാർവെൾഹാളിലെ ഒരു മുറിയിൽ സാങ്കി ഒറ്റയ്ക്ക് താമസം തുടങ്ങി. മൂഡിയുടെ ശക്തമായ മീറ്റിംഗുകൾക്ക് ചിറകുകൾ വെച്ചതുപോലെയായി.

(*കടപ്പാട് ഡി.എൽ മൂഡി ജീവചരിത്രം*) ●



## നുറുങ്ങറിവുകൾ

**ഏറ്റവും വലിയ സമുദ്രം ഏത്**

***പസഫിക് സമുദ്രം***: ഭൂമണ്ഡലത്തിന്റെ മൊത്തം വിസ്തൃതിയുടെ 35% കൈയ്യടക്കിയിരിക്കുന്ന പസഫിക്കാണ് മഹാസമുദ്രങ്ങളിൽ ഏറ്റവും വലുത്. ഏറ്റവും ആഴമുള്ളതും പസഫിക്കിനാണ്. വിസ്തൃതി 166241000 ച.കി.മി.

**ഏറ്റവും ചെറിയ സമുദ്രം ഏത്?**

***ആർട്ടിക് സമുദ്രം:*** ഉത്തരധ്രുവത്തിന് ചുറ്റുമുള്ള സമുദ്രമാണ് ആർട്ടിക് സമുദ്രം. ധ്രുവത്തോടടുത്തുള്ള ഭാഗങ്ങൾ തണുത്തുറഞ്ഞ് കട്ടിയായ നിലയിലാണ് ഈ സമുദ്രം വിസ്തൃതി 13086000

**ഏറ്റവും വലിയ രാജ്യം ഏത്?**

***റഷ്യ*** : കിഴക്കൻ യൂറോപ്പ് മുതൽ ഏഷ്യയുടെ പടിഞ്ഞാറെയറ്റം വരെ വ്യാപിച്ചു കിടക്കുന്ന വിസ്തൃതമായ രാജ്യമാണ് റഷ്യ. റഷ്യയുടെ ഏറിയഭാഗവും ഏഷ്യയിലാണ് കിടക്കുന്നതെങ്കിലും ഒരു യൂറോപ്യൻ രാജ്യമായാണ് റഷ്യ പരിഗണിക്കപ്പെടുന്നത്. വിസ്തൃതി 17051400 ച.കി.മി

**ഏറ്റവും ചെറിയ രാജ്യം ഏത്?**

***വത്തിക്കാൻസിറ്റി:*** ലോകത്തിലെ ഏറ്റവും ചെറിയ സ്വതന്ത്രരാജ്യമായ വത്തിക്കാൻസിറ്റിയുടെ വിസ്തീർണ്ണം .44 ച.കി.മി (1087 ഏക്കർ) മാത്രമാണ് ഇറ്റലിയുടെ തലസ്ഥാനമായ റോം നഗരത്തിന്റെ വടക്ക് പടിഞ്ഞാറ് ഭാഗത്താണ് വത്തിക്കാൻ സ്ഥിതി ചെയ്യുന്നത്.



സിബി വിശ്വനാഥൻ

# പരിശുദ്ധാത്മാവ്

## ദൈവത്തിന്റെ ദാനമാണ്

പ്രിയ കൂട്ടുകാരേ,

ക്യാമ്പുകളിലും വി.ബി.എസ്സുകളിലും പങ്കെടുത്തും, ബന്ധുവീടുകൾ സന്ദർശിച്ചും കൂട്ടുകാരുമായി കളിച്ചും നിങ്ങൾ അവധിക്കാലം ആസ്വദിച്ചില്ലേ? എന്നാൽ ഇപ്പോൾ വീണ്ടും പഠനത്തിനായി പുതിയ ക്ലാസ്സുകളിലേക്ക് പ്രവേശിച്ചിരിക്കുകയാണല്ലോ? ദൈവത്തിന്റെ മറ്റൊരു ദാനത്തെക്കുറിച്ച് പറയുവാൻ തക്കതായ സമയമാണിത്. അതു മറ്റൊന്നുമല്ല, ദൈവത്തിന്റെ ദാനമായ പരിശുദ്ധാത്മാവാണ്.

പരിശുദ്ധാത്മാവെന്ന ദാനത്തെക്കുറിച്ച് ദൈവം മുമ്പെ വാഗ്ദത്തം ചെയ്തിട്ടുണ്ട് (അപ്പൊ.പ്ര 1:4). യേശുക്രിസ്തുവും പരിശുദ്ധാത്മാവിന്റെ വരവിനെക്കുറിച്ച് നമ്മോട് പറഞ്ഞിട്ടുണ്ട് (യോഹന്നാൻ 14,16 അദ്ധ്യായങ്ങൾ) യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിന് ശേഷം പരിശുദ്ധാത്മാവ് ഈ ലോകത്തിൽ വന്നു (അപ്പൊ.പ്ര അദ്ധ്യായം 2) ജനങ്ങൾ പത്രോസിന്റേയും അപ്പൊസ്തലന്മാരുടേയും അടുക്കൽ ചെന്ന് ചോദിച്ചു, സഹോദരന്മാരേ, എന്താണ് ഞങ്ങൾ ചെയ്യേണ്ടത്? (അപ്പൊ.പ്ര 2:37) പത്രോസ് അവരോട് പറഞ്ഞത് മാനസാന്തരപ്പെടുവിൻ, എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും (അപ്പൊ.പ്ര 2:38). ഈ ദാനത്തെ പണത്തിനാൽ വാങ്ങുവാൻ സാധ്യമല്ല (അപ്പൊ.പ്ര 8:20).

പരിശുദ്ധാത്മാവ് ഒരു ശക്തിയല്ല പകരം ശക്തിയുള്ള ഒരു വ്യക്തിയാണ്. ത്രിത്വത്തിലെ മൂന്നാമനായതിനാൽ പരിശുദ്ധാത്മാവ് ദൈവമാണ്. അവൻ സ്രഷ്ടാവും സത്യത്തെ വെളിപ്പെടുത്തുന്നവനുമാണ്. പഴയനിയമത്തിൽ

പരിശുദ്ധാത്മാവിന്റെ സഹവാസം താൽക്കാലികമാണ്. എന്നാൽ പുതിയ നിയമത്തിൽ അത് സ്ഥിരമായതാണ്.

പെന്തക്കോസ്ത് ദിനത്തിൽ യേശുക്രിസ്തുവിന്റെ കല്പനപ്രകാരം 120 പേർ പരിശുദ്ധാത്മാവിന്റെ വരവിനായി യെരുശലേമിലെ മാളികമുറിയിൽ കാത്തിരുന്നു (അപ്പൊ.പ്ര 1:5,4). എന്നാൽ ആ ശിഷ്യന്മാരെപ്പോലെ ഇന്നു നാം പരിശുദ്ധാത്മാവിന്റെ വരവിനായി കാത്തിരിക്കേണ്ട ആവശ്യമില്ല. നമ്മൾ സുവിശേഷം കേട്ടു ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുന്ന ആ നിമിഷം മുതൽ പരിശുദ്ധാത്മാവ് നമ്മളിൽ വാസം ചെയ്യുന്നു (എഫെ. 1:13,14). അവൻ നമ്മളിൽ പ്രവർത്തിക്കുന്നു. പരിശുദ്ധാത്മാവിന്റെ ചില പ്രവർത്തികളെക്കുറിച്ച് നമുക്ക് ചിന്തിക്കാം.

**വിശ്വാസികളിൽ പരിശുദ്ധാത്മാവിന്റെ പ്രവൃത്തികൾ.**

### 1. അവൻ നമ്മെ പഠിപ്പിക്കുന്നു

(യോഹ. 16:12-15; 1 കൊരി. 2:10).

ഇന്നു നമുക്കുള്ള അറിവുകളേയും നാം മാതാപിതാക്കന്മാരിൽനിന്നും, അദ്ധ്യാപകരിൽനിന്നും, കൂട്ടുകാരിൽ നിന്നുമെല്ലാം പഠിച്ചവയാണ്. എന്നാൽ നീയൊരു ദൈവപൈതലാണെങ്കിൽ എല്ലാ അദ്ധ്യാപകരേക്കാളും ഏറ്റവും ഉയർന്ന ഒരദ്ധ്യാപകൻ നമുക്കുണ്ട് ആ അദ്ധ്യാപകൻ പരിശുദ്ധാത്മാവാണ്. ദൈവത്തിന്റെ വഴികളെക്കുറിച്ച് അനുനിമിഷവും അവൻ നമ്മെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. നാം അവനിൽ നിന്നും കൂടുതൽ പഠിക്കണം.

### 2. അവൻ നമ്മെ നയിക്കുന്നു.

(റോമർ 8:14).

നാം ഒരു പുതിയ സ്ഥലത്തേക്ക് പോകുമ്പോൾ ശരിയായ ദിശയിലേക്ക് പോകുവാനാവശ്യമായ നിർദ്ദേശങ്ങൾ നമുക്കാവശ്യമാണ്. ജി.പി.എസ്, സിഗ്നൽ ബോർഡുകൾ അങ്ങനെ പല മാർഗ്ഗങ്ങളും ഇന്നു നമുക്കുണ്ട്. ദൈവപൈതലായ നമുക്ക് ക്രിസ്തീയ ജീവിതത്തിൽ മുന്നേറുവാനാവശ്യമായ പല നിർദ്ദേശങ്ങളും അനുദിനവും ആവശ്യമാണ്. അതിനായി ദൈവം പരിശുദ്ധാത്മാവിനെ നമുക്ക് നൽകി. അവൻ ശരിയായ വഴിയിലൂടെ നമ്മെ നയിക്കുന്നു. നമുക്ക് അവന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് അവനെ അനുഗമിക്കാം.



**നീയൊരു ദൈവ പൈതലാണെങ്കിൽ, പരിശുദ്ധാത്മാവെന്ന ദാനം നിനക്ക് ലഭിച്ചിട്ടുണ്ട്.**

### 3. അവൻ നമ്മെ നയിക്കുന്നു

(റോമർ 8:16).

നീ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ച വ്യക്തിയാണെങ്കിൽ നീയൊരു ദൈവപൈതലാണ്. എന്നാൽ സാത്താൻ പലപ്പോഴും പല സംശയങ്ങളും സംഭ്രമങ്ങളും നമ്മളിൽ ജനിപ്പിക്കുന്നു. എന്നാൽ പരിശുദ്ധാത്മാവ് നാം ദൈവമക്കളാണെന്ന് ഉറപ്പിക്കുന്നു. ഇതുമൂലം നമുക്ക് മനസ്സിന് ശാന്തതയും ധൈര്യവും ഉന്മേഷവും ലഭിക്കുന്നു.

### 4. അവൻ നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നു (റോമ. 8:26).

നാം ബലഹീനരായതിനാൽ നമ്മുടെ ബലഹീനതയിൽ തുണയായി പരിശുദ്ധാത്മാവ് നമ്മുടെ ആത്മാവിനോട് ചേർന്ന് ദൈവത്തോട് പ്രാർത്ഥിക്കുന്നു. അവന് നമ്മുടെ ആവശ്യങ്ങളും ദൈവത്തിന്റെ ഹിതവുമറിയാം (റോമ. 8:27). ആയതിനാൽ നമുക്ക് ധൈര്യത്തോടെ പ്രാർത്ഥിക്കാം.

പ്രിയ കൂട്ടുകാരേ, നിങ്ങൾക്ക് ഇതുവരെയും ഈ ദാനം ലഭ്യമായിട്ടില്ലെങ്കിൽ അതിന്റെ അർത്ഥം നിങ്ങൾ രക്ഷിക്കപ്പെട്ടില്ലായെന്നാണ്. അതുകൊണ്ട് ഇന്നു തന്നെ യേശുകർത്താവിനെ വിശ്വസിച്ച്, നിങ്ങളും പാപങ്ങളേറ്റു പറഞ്ഞ് അവനെ സ്വന്തരക്ഷിതാവായും കർത്താവുമായി സ്വീകരിക്കണം. ആ നിമിഷം തന്നെ പരിശുദ്ധാത്മാവായ ദാനം നിങ്ങൾക്ക് ലഭിക്കും. എന്നാൽ നീയൊരു ദൈവപൈതലാണെങ്കിൽ, പരിശുദ്ധാത്മാവെന്ന ദാനം നിനക്ക് ലഭിച്ചിട്ടുണ്ട്. അവനിൽ നിന്ന് പഠിച്ചും, അവന്റെ നിർദ്ദേശങ്ങൾ പാലിച്ചും, അവന്റെ ഉറപ്പു ലഭിച്ചും, ധൈര്യത്തോടുകൂടെ പ്രാർത്ഥിച്ചും പരിശുദ്ധാത്മാവിനെ അനുദിനവും അനുഭവിപ്പാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ. ●



# പ്രതീക്ഷയ്ക്ക് വകയുണ്ട്!

പ്രമോദ് തോമസ്

പ്രസിദ്ധ ഉണർവ്വ് പ്രാസംഗികനായ ചാൾസ് ജി ഫിന്നി ഡിറ്റ്രോയിറ്റിൽ ഒരു യോഗത്തിനെത്തിയതാണ്. യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു എന്നതായിരുന്നു പ്രസംഗവിഷയം. യോഗാനന്തരം ഒരു വ്യക്തി അദ്ദേഹത്തെ തന്റെ ഭവനത്തിലേക്ക് ക്ഷണിച്ചു.

തന്റെ പ്രസംഗം കഴിഞ്ഞ് ഫിന്നി ആ വ്യക്തിയോടൊപ്പം യാത്ര തിരിച്ചു. അയാൾ അദ്ദേഹത്തെ ഒരു കെട്ടിടത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി. അതൊരു മദ്യശാലയും ചൂതുകളി കേന്ദ്രവുമായിരുന്നു. അതിന്റെ നടത്തിപ്പുകാരനാണ് ഈ വ്യക്തി അയാൾ അവിടം ഫിന്നിയെ കാണിച്ചിട്ട് തന്റെ ജീവിതത്തിൽ ചെയ്ത ക്രൂരകൃത്യങ്ങൾ വിവരിക്കുവാൻ തുടങ്ങി നാലുപേരെ കൊലപ്പെടുത്തിയിട്ടുണ്ട്, മദ്യശാലകളിലൂടെയും ചൂതുകളി കേന്ദ്രങ്ങളിലൂടെയും ആയാൾ എത്രയോ പേരെ ആത്മഹത്യയിലേക്ക് നയിച്ചു. എത്ര കുടുംബങ്ങൾ അനാഥമായി താൻ ഒരു സ്റ്റോക്ക് ബ്രോക്കറാണെന്ന് ഭാവിച്ച് സുന്ദരിയായ ഒരു സ്ത്രീയെ വിവാഹം കഴിച്ചു അവളുടെ ജീവിതം നരകതുല്യമാക്കിത്തീർത്തു. ഒരിക്കൽ ഭാര്യയെ മർദ്ദിക്കുന്നതിനിടയിൽ വന്നുപെട്ട ഏകമകളെ സ്റ്റൗവിന്റെ നേർക്ക് തള്ളിയിട്ടു ആ കുട്ടിയുടെ തോൾ മുതൽ മണികണ്ഠം വരെ പൊള്ളിപ്പോയി.

ആ വ്യക്തി പറഞ്ഞ കഥകൾ കേട്ട് മരവിച്ചിരുന്ന ഫിന്നിയോട് അയാൾ ഇങ്ങനെ ചോദിച്ചു ഡോക്ടർ ഫിന്നി ഞാൻ ഈ ചെയ്തതൊന്നും യോഗ്യമായതല്ല എന്നെപ്പോലെയുള്ള ഒരു മനുഷ്യന് പ്രതീക്ഷയ്ക്ക് വകയുണ്ടോ? ഫിന്നി ആ മനുഷ്യന്റെ തോളിൽ കൈവെച്ച് എന്നിട്ടു പറഞ്ഞു മകനെ എത്ര കയ്പേറിയ കഥയാണ് നിനക്ക് പറയാനുള്ളത് എന്നാൽ ദൈവം പറയുന്നു അവന്റെ പുത്രനായ യേശുവിന്റെ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. ആ മനുഷ്യൻ ഇപ്രകാരം പറഞ്ഞു ബ്രദർ വളരെ നന്ദി എനിക്കുവേണ്ടി പ്രാർത്ഥിക്കുക നാളെ രാത്രി ഞാൻ പ്രസംഗം കേൾക്കാനെത്താം.


അതിനുശേഷം ഫിന്നി മടങ്ങി ആ മനുഷ്യൻ തന്റെ പാപവഴികളെയെല്ലാം ഉപേക്ഷിച്ചു. ഭാര്യയോടും മകളോടുമൊപ്പം അടുത്ത രാത്രിയിൽ ഫിന്നിയുടെ യോഗത്തിനെത്തി അവിടെവെച്ച് അവർ മൂവരും തങ്ങളുടെ ഹൃദയം കർത്താവിന് നൽകി.

പാപത്തിൽ പിറന്ന് അതിൽ തുടരുന്ന മനുഷ്യന്റെ അന്ത്യം അത്യന്തം ഭയാനകമായിരിക്കും യാതൊരു പ്രതീക്ഷയ്ക്കും വകയില്ലാത്ത ഭയങ്കരമായ ദൈവിക ന്യായവിധിയാണ് പാപിയുടെ ഓഹരി എന്നാൽ കരുണാസമ്പന്നനായ ദൈവം പാപിയുടെ രക്ഷയ്ക്കായി മഹത്തായ ഒരു മാർഗ്ഗം ഒരുക്കി സ്വർഗ്ഗത്തിൽ തന്റെ വലത്തുഭാഗത്തിരുന്ന യേശുക്രിസ്തുവിനെ ഈ ഭൂമിയിലേക്ക് അയച്ചു. പാപികളായ മനുഷ്യവർഗ്ഗം അനുഭവിക്കേണ്ടിയിരുന്ന നരകശിക്ഷ ദൈവം തന്റെ പുത്രന്റെ മേൽ ചുമത്തി കാൽവരിയിലെ ക്രൂശിൽ തന്റെ ജീവനായ രക്തം മുഴുവൻ ഊറ്റി നൽകി പുത്രൻ നമ്മെ വിശുദ്ധീകരിച്ചു.


പ്രതീക്ഷയ്ക്ക് വകയുള്ളത് കാൽവരിയിലെ ക്രൂശിലാണ്. അവിടെയാണ് നമ്മുടെ വിശുദ്ധീകരണ വേദി. ഇനി പാപഭാരവും പേറി അലയേണ്ടതില്ല ക്രൂശിന്റെ അടുക്കലേക്ക് ചെല്ലുക. കർത്താവിനോട് ഇങ്ങനെ പറയുക കർത്താവേ ഞാൻ ഒരു പാപിയാണ് അവിടുന്ന് കാൽവരിയിൽ ഒഴുക്കിയ രക്തം എന്റെ വിശുദ്ധീകരണത്തിനുവേണ്ടിയായിരുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു. അങ്ങയെ എന്റെ കർത്താവും രക്ഷിതാവുമായി അംഗീകരിക്കുന്നു. ഹൃദയത്തിൽ നിന്നാണ് ഈ പ്രാർത്ഥന ഉയരുന്നതെങ്കിൽ ഇപ്പോൾത്തന്നെ നിങ്ങൾ ദൈവമക്കളായി തീർന്നിരിക്കുന്നു. ഭയങ്കരമായ ദൈവശിക്ഷരയിൽ നിന്നും നിങ്ങൾ രക്ഷ പ്രാപിച്ചിരിക്കുന്നു. നിത്യജീവൻ, സ്വർഗ്ഗീയ അനുഗ്രഹങ്ങൾ, ദിവ്യസമാധാനം, സന്തോഷം, പ്രത്യാശ, ദൈവിക കൂട്ടായ്മ, പരിശുദ്ധാത്മാവാസം എല്ലാം നിങ്ങളുടെ സ്വന്തമായിരിക്കുന്നു.

പാപിയായി നിങ്ങൾ അവസാനിക്കേണ്ടവനല്ല. പുത്രനായി ദൈവത്തോടൊപ്പം എന്നും വാഴേണ്ടവനാണ്. അതെ പ്രതീക്ഷയ്ക്ക് വകയുണ്ട്. അവന്റെ പുത്രനായ യേശുക്രിസ്തുവിന്റെ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. ●


ആൽമരവും
പുൽക്കൊടിയും
'Shaji'
ഒരിടത്ത് ഒരു ആൽമരവും ഒരു കുഞ്ഞ് പുൽക്കൊടിയും ഉണ്ടായിരുന്നു.
ഹി...ഹി... പുൽക്കൊടിയെ എന്തിനു കൊള്ളാം?
അയ്യേ.... നീ എത്ര ചെറുതാണ്. നിന്നെക്കൊണ്ടാണെങ്കിൽ ആർക്കും ഒരുപകാരവുമില്ല....
ആലിന് പുൽക്കൊടി ആവാൻ കഴിയില്ലല്ലോ. പുൽക്കൊടിക്ക് ആൽമരമാകാനും പറ്റില്ല.
പുൽക്കൊടി ആയതിൽ എനിക്കൊട്ടു സങ്കടവുമില്ല.



നീയെന്നെ കണ്ടുപഠിക്ക്. ഞാനെത്ര വലിയവനാ. എത്രയോ മനുഷ്യർ എന്റെ തണലിൽ വിശ്രമിക്കുന്നു. എത്രയോ പക്ഷികൾ എന്റെ ചില്ലകളിൽ കൂടുവയ്ക്കുന്നു....
ആൽമരമായിരിക്കുന്നത് നല്ലത് തന്നെ. പക്ഷേ പുൽക്കൊടിയാവുന്നത് അത്രമോശമാണെന്ന് എനിക്ക് തോന്നിയിട്ടില്ല.
പെട്ടെന്നൊരു കൊടുങ്കാറ്റ് വീശി ആൽമരം ആടിയുലഞ്ഞു.
അയ്യോ!
കാറ്റിനെ നേരിടാനാവാതെ ആൽമരം നിലംപതിച്ചു- വീണതോ പുൽക്കൊടിയുടെ പാദത്തിൽ.
അഹങ്കാരം ആർക്കും നല്ലതിനല്ല...
© Shaji




# നിങ്ങളുടെ ചോദ്യങ്ങൾക്ക് ബൈബിളിന്റെ ഉത്തരം

**ജോൺ സെബാസ്റ്റ്യൻ**

*? വിശുദ്ധ ബൈബിൾ സത്യമാണെന്ന് വിശ്വസിക്കുന്നവരുടെ കൂട്ടത്തിൽ ജ്ഞാനികളും ശാസ്ത്രജ്ഞന്മാരുമൊക്കെ ഇന്നും ഉണ്ടോ?*

ഇരുപതാം നൂറ്റാണ്ടിന്റെ അവസാന പതിറ്റാണ്ടുകളിൽ ബൈബിൾ വിശ്വാസികളായ ശാസ്ത്രജ്ഞന്മാരുടെ എണ്ണം ആയിരക്കണക്കായി ഉയർന്നുവെന്നത് ആശ്ചര്യകരമായി തോന്നാം. അതൊരു യാഥാർത്ഥ്യമായി ഇന്നും തുടരുന്നു. ബൈബിൾ വിശ്വസനീയമല്ലെന്ന് ചിന്തിക്കുന്നവർക്ക് ഇതൊരു ചിന്താവിഷയമായെങ്കിൽ നന്നായിരുന്നു. നിഷ്പക്ഷമായി വായിക്കുകയും പഠിക്കുകയും വ്യാഖ്യാനാനുസരണമായി വിഭജിക്കുകയും വിലയിരുത്തുകയും ചെയ്യുന്നവർക്ക് മാത്രമേ ക്രിയാത്മകമായി പ്രതികരിക്കുവാൻ കഴിയുകയുള്ളൂ. ദൈവത്തെ മാറ്റി നിർത്തുവാനുള്ള പാഴ്വേലയാണ് പരിണാമസിദ്ധാന്തം എന്ന് തെളിവുസഹിതം വിശ്വസിക്കുന്ന തലയെടുപ്പുള്ള ശാസ്ത്രജ്ഞന്മാരും ഗവേഷകരും ധാരാളമുണ്ട്. ബൈബിളിലെ സൃഷ്ടിവിവരണം നൽകുന്ന ആദ്യപുസ്തകമായ ഉല്പത്തിയിൽ പറയുന്ന പ്രകാരം ദൈവം സകലവും സൃഷ്ടിച്ചു എന്ന സൃഷ്ടി വിശ്വാസ ബോദ്ധ്യത്തിലെത്തിച്ചേർന്ന ശാസ്ത്രജ്ഞന്മാരുടെ എണ്ണവും നമ്മെ അതിശയിപ്പിക്കുന്നതു തന്നെ ഇവർ വളർന്ന കോളേജുകൾ പരിണാമവാദം സിലബസിൽ ഉൾപ്പെടുത്തിയാണ് പഠിപ്പിച്ചത് എന്നതു തന്നെ ഇന്നത്തെ അവരുടെ ബോദ്ധ്യത്തിന് മാറ്റു കൂട്ടുന്നു. ബൈബിളിനും പരിണാമവാദത്തിനും എതിരെ ഉള്ള വാദഗതികൾ ഇവർക്ക് അപരിചിതമല്ലെന്നും അറിഞ്ഞിരിക്കണം. തങ്ങളുടെ വിശ്വാസബോധ്യങ്ങൾക്കായി പരിഹാസവും, പീഢനവും പ്രഹരിച്ചിട്ടും പാറപോലെ ഉറച്ചു നിൽക്കുന്ന പണ്ഡിതസഹസ്രങ്ങൾ നമ്മെ പുളകം കൊള്ളിക്കേണ്ടതല്ലേ? ബൈബിൾ വിശ്വാസികളായ ശാസ്ത്രജ്ഞന്മാരുടെ സംഘടനകളെക്കുറിച്ച് ഒരു സംക്ഷിപ്ത വിവരണം നമുക്ക് പ്രചോദനമാകട്ടെ.

### The Creation Research Society (CRS)


ഒരു സുപ്രധാന സംഘടനയായ ഇത് 1963-ൽ കേവലം 10 ശാസ്ത്രജ്ഞന്മാർ തുടങ്ങിയതാണ് ഇപ്പോൾ 700 ശാസ്ത്രജ്ഞന്മാരുള്ള സംഘടനയായി വളർന്നിരിക്കുന്ന ഇതിൽ രണ്ടായിരത്തോളം മറ്റ് മെംബർമാർ ഇവർക്കൊപ്പം സഹായത്തിനായും ഉണ്ട്. ബൈബിൾ ദൈവശ്വാസീയ വചനമെന്നും, ഉല്പത്തിപുസ്തകം ശാസ്ത്രീയമായും, ചരിത്രപരമായും വിശ്വസനീയമാണെന്നും ഇവർ തെളിയിക്കുന്നു.

### The Bible Science Association (B.S.A)

സി.ആർ.എസ് തുടങ്ങിയതിനുശേഷം 1963-ൽ തന്നെ ബി.എസ്സ്.എ യും പ്രവർത്തനം തുടങ്ങി. ധാരാളം ശാസ്ത്രജ്ഞന്മാരുടെ കൂട്ടായപ്രവർത്തനമാണിത്.

### The Institute of Creation Research (I.C.R)

1970-ൽ തുടങ്ങിയ ഐ.സി.ആർ ശാസ്ത്രീയ വിദ്യാഭ്യാസ സ്ഥാപനം തന്നെയാണ്. ശാസ്ത്രീയവും, ബൈബിൾപരവുമായ ക്രിയേഷനിസത്തെപ്പറ്റി ഗവേഷണങ്ങൾ നടത്തുകയും ഈടുറ്റ ഗ്രന്ഥങ്ങളും മാസികകളും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. വിവിധ ശാസ്ത്രമേഖലകളിൽ എം.എസ് ബിരുദപഠനങ്ങളും ഇവർക്ക് ഉണ്ട്. ഇന്ത്യയുൾപ്പെടെ വിവിധ രാജ്യങ്ങളിലായി ഇത്തരം വലുതും ചെറുതുമായ നൂറിലധികം ക്രിയേഷനിസ്റ്റ് സംഘടനകൾ നിലവിലുണ്ട്. ●




# ചരിത്രവഴികളിലൂടെ

## Milestone Speaks Volumes

**ഏബ്രഹാം തോമസ്**, കൊച്ചി
പ്രസിഡന്റ്



### ജനറൽ കമ്മറ്റിയുടെ തുടക്കം.

പ്രവർത്തനങ്ങളെ സുഗമമാക്കാൻ 1973 - ൽ 15 അംഗങ്ങളടങ്ങിയ ഒരു ജനറൽ കമ്മറ്റിയെ തെരഞ്ഞെടുക്കുകയും ഈ കമ്മറ്റി (10 - 05 - 73 ൽ കൂടി) സഹോദരൻ റ്റി.കെ സാമുവേലിനെ പ്രസിഡന്റായി തെരഞ്ഞെടുക്കുകയും ചെയ്തു. ജനറൽ കമ്മറ്റിയാണ് ബാലസംഘ പ്രവർത്തനത്തിന്റെ പൊതുനയവും പരിപാടികളും ഇന്നും ആവിഷ്ക്കരിക്കുന്നത്. ഇപ്പോൾ 150 പേരോളം ജനറൽ കമ്മറ്റിയിൽ ഉണ്ട്. 1988 - ൽ അനാരോഗ്യം മൂലം പ്രഥമ പ്രസിഡന്റ് ടി.കെ.എസ് തൽസ്ഥാനത്ത് നിന്ന് വിരമിക്കുകയും പ്രൊഫ. പി.പി സ്കറിയ പ്രസിഡന്റായി സ്ഥാനം ഏൽക്കുകയും ചെയ്തു. ദീർഘകാലം ബാലസംഘത്തിന്റെ പ്രസിഡന്റ് പദം അലങ്കരിച്ചിരുന്ന സാമുവേൽ സാർ 1995 മാർച്ച് 10 - ന് കർത്ത്യസവിധം ചേർക്കപ്പെട്ടു. ബാലസംഘം പ്രവർത്തകർക്ക് എന്നും പ്രോത്സാഹനം നൽകിക്കൊണ്ടിരുന്ന കർത്ത്യദാസനായിരുന്നു ടി.കെ. എസ്. പ്രൊഫ. പി.പി. സ്കറിയ സ്ഥാനമൊഴിഞ്ഞപ്പോൾ സഹോദരൻ ഏബ്രഹാം തോമസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു.

## വാളകം സെന്റർ ക്യാമ്പ് 2016

**വാളകം**: എസ്.ബി.എസ് വാളകം സെന്റർ ക്യാമ്പ് 2016 ഏപ്രിൽ 27 മുതൽ 30 വരെ കീഴില്ലം ഇവാഞ്ചലിക്കൽ റിട്രീറ്റ് സെന്ററിൽ വച്ച് അനുഗ്രഹമായി നടന്നു. സഹോദരൻമാരായ ബിജു ആലടി, ജിബി പള്ളിപ്പാട്, സുനീഷ് ബാലൻ എന്നിവർ പ്രധാന ലീഡേഴ്സ് ആയിരുന്നു. കൂടാതെ വാളകം സെന്ററിലുള്ള ബാലസംഘം പ്രവർത്തകരും വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ഏപ്രിൽ 29 വെള്ളിയാഴ്ച്ച വൈകിട്ട് 7 മണി മുതൽ 9 മണി വരെ സഹോദരൻ ജോർജ്ജ് കോശിയുടെ നേതൃത്വത്തിൽ നടന്ന മ്യൂസിക് നൈറ്റിൽ സഹോദരൻ ചാൾസ് ജോൺ റാന്നിയുമായുള്ള അഭിമുഖം നടത്തി. അദ്ദേഹത്തിന്റെ തിരഞ്ഞെടുത്ത ഗാനങ്ങൾ എസ് ബി എസ് ഗായകസംഘം ആലപിച്ചു. ക്യാമ്പിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്ത എല്ലാ ദൈവമക്കൾക്കും നന്ദി അറിയിക്കുന്നു.

## സ്പെഷ്യൽ ക്യാമ്പ്

**പുത്തൻകാവ്**: വിദേശരാജ്യങ്ങളിൽ നിന്നും അവധിക്ക് നാട്ടിലെത്തുന്ന മാതാപിതാക്കൾക്കും കുട്ടികൾക്കുംവേണ്ടി എസ്.ബി.എസ് നടത്തി വരുന്ന സ്പെഷ്യൽ ക്യാമ്പ് 2016 ജൂലൈ 13-16 പുത്തൻകാവ് ക്യാമ്പ് സെന്ററിൽവെച്ച് നടക്കുന്നു. അവധിക്കാലം ചെലവഴിക്കാൻ നാട്ടിലെത്തിയ അനേകർക്ക് ആത്മീയ കൂട്ടായ്മയ്ക്കും വചനകേൾവിക്കും ഉള്ള അവസരം ഈ ക്യാമ്പിൽ ഉണ്ടാകും. കുട്ടികളുടെ കഴിവുകൾ കണ്ടെത്താനും പ്രകടിപ്പിക്കാനും ഉള്ള അവസരം ഈ ക്യാമ്പിൽ ലഭിക്കും. കഴിഞ്ഞനാളുകളിൽ ഈ ക്യാമ്പ് അനേകർക്ക് പ്രോത്സാഹജനകമായിത്തീർന്നിട്ടുണ്ട്. ക്യാമ്പിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക.

**ബിനു സാമുവേൽ: 9544374527**

## എസ്.ബി.എസ് സെന്റർ ക്യാമ്പ് അനുഗ്രഹകരമായി സമാപിച്ചു

**പത്തനംതിട്ട**: പത്തനംതിട്ട എസ്.ബി.എസ് സെന്റർ ക്യാമ്പ് 2016 ഏപ്രിൽ 10 ഞായർ വൈകിട്ട് 4 മണി മുതൽ ഏപ്രിൽ 13 ബുധൻ വൈകിട്ട് 4 മണി വരെ പത്തനംതിട്ട സുവിശേഷാലയത്തിൽ വച്ച് നടന്നു. "ആരും നിങ്ങളെ തെറ്റിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ" എന്ന വിഷയത്തെ ആസ്പദമാക്കിയാണ് ക്ലാസ്സുകൾ എടുത്തത്. സഹോദരൻമാരായ ദാനിയേൽ വർഗ്ഗീസ്, ഏബ്രഹാം ജേക്കബ്, ബിനു സാമുവേൽ, പി.ജി. ജെയിംസ്, സുനീഷ് ബി., ജോർജ്ജ് കോശി എന്നിവർ പ്രധാന ലീഡേഴ്സ് ആയിരുന്നു. കൂടാതെ പത്തനംതിട്ടയിലുള്ള ബാലസംഘപ്രവർത്തകരും വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ഏപ്രിൽ 12 ചൊവ്വ രാവിലെ 10 മുതൽ 1 മണി വരെ നടന്ന കുടുംബസംഗമത്തിൽ ചാണ്ടപ്പിള്ള ഫിലിപ്പ് ദൈവവചനം ശുശ്രൂഷിച്ചു. കുട്ടികൾക്കു വേണ്ടി ഓപ്പൺ ഫോറം, കരിയർ ഗൈഡൻസ്, കൗൺസിലിംഗ് എന്നിവ എന്നീ പ്രോഗ്രാമുകൾ അനുഗ്രഹകരമായി നടന്നു. ക്യാമ്പിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയും സാമ്പത്തിക കാര്യങ്ങളിൽ സഹകരണം കാണിക്കുകയും ചെയ്ത എല്ലാ ദൈവമക്കൾക്കും നന്ദി അറിയിക്കുന്നു.

## ടീച്ചേഴ്സ് ട്രെയ്നിംഗ് അലഹബാദ്

ഉത്തർപ്രദേശിലെ പ്രവർത്തകർക്കായ് മാർച്ച് 21 മുതൽ 26 വരെ ടീച്ചേഴ്സ് ട്രെയ്നിംഗ് പ്രോഗ്രാം സംഘടിപ്പിച്ചു. സഹോദരന്മാരായ ഏബ്രഹാം തോമസ് കൊച്ചി, പി. സാംസൺ ജാർഖണ്ഡ്, ആശിഷ് കാൺപൂർ, എന്നിവർ ക്ലാസുകളെടുത്തു. വർഗീസ് ഏബ്രഹാം കാൺപൂർ, സാമുവേൽ ബി തോമസ് മഥുര എന്നുവർ ടീച്ചേഴ്സ് ട്രെയ്നിംഗ് പ്രോഗ്രാമിന് നേതൃത്വം നല്കി. ടീച്ചേഴ്സ് ട്രെയ്നിംഗ് പ്രോഗ്രാമിനെ ഓർത്ത് പ്രാർത്ഥിച്ച എല്ലാവർക്കും നന്ദി.

## ചൈൽഡ് ഇവാഞ്ചിലിസം ട്രെയ്നിംഗ്, ഛത്തീസ്ഗഡ്

എസ് ബി എസിന്റെ ചൈൽഡ് ഇവാഞ്ചിലിസം ട്രെയ്നിംഗ് പ്രോഗ്രാം ഏപ്രിൽ 25 മുതൽ 29 വരെ രാജനന്ദ്ഗാവിൽ നടന്നു. സഹോദരന്മാരായ ഏബ്രഹാം തോമസ് കൊച്ചി, പി. സാംസൺ ജാർഖണ്ഡ്, എന്നിവർ ക്ലാസുകളെടുത്തു. എന്നുവർ ചൈൽഡ് ഇവാഞ്ചിലിസം ട്രെയ്നിംഗ് പ്രോഗ്രാമിന് നേതൃത്വം നല്കി. പ്രോഗ്രാമിനെ ഓർത്ത് പ്രാർത്ഥിച്ച എല്ലാവർക്കും നന്ദി.

## ടീച്ചേഴ്സ് മീറ്റ്, തമിഴ്നാട്

സൗത്ത് തമിഴ്നാട്ടിലുള്ള എസ് ബി എസ് പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനുവേണ്ടി മാർച്ച് 22 ന് ട്രിച്ചി സുബ്രമണ്യപുരം സഭാഹാളിൽ വച്ച് പ്രത്യേക പ്രോഗ്രാം സംഘടിപ്പിച്ചു. സഹോദരൻ സാം ജോൺ ചെറിയാൻ മധുര മുഖ്യസന്ദേശം നൽകി. ടീച്ചേഴ്സ് മീറ്റ് പ്രോഗ്രാമിനെ ഓർത്ത് പ്രാർത്ഥിച്ച എല്ലാ ദൈവമക്കൾക്കും നന്ദി അറിയിക്കുന്നു.

## ടീച്ചേഴ്സ് ട്രെയിനിംഗ് പുതുക്കോട്ട,

തമിഴ്നാട്ടിലെ അടുത്ത ടീച്ചേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം ജൂൺ 13 മുതൽ 17 വരെ കുറ്റാലം ക്യാമ്പ് സെന്ററിൽ വച്ച് നടക്കുന്നതാണ്. ടീച്ചേഴ്സ് ട്രെയിനിംഗിനെ ഓർത്ത് പ്രാർത്ഥിക്കുക. കൂടുതൽ വിവരങ്ങൾക്ക് രാജാ എം സിമയോൻ 09786417435

## വി ബി എസ് ശബരിമാങ്കൽ

**ശബരിമാങ്കൽ:** എസ് ബി എസ് ശബരിമാങ്കൽ സെന്ററിന്റെ വി ബി എസുകൾ ഏപ്രിൽ നാല് മുതൽ 23 വരെ എരുമേലി, വലിയകുന്നം, കിഴക്കനോതറ, തെള്ളിയൂർ, മുരണി, പുറമറ്റം, ചേലക്കൊമ്പ്, മോതിരവയൽ എന്നീസ്ഥലങ്ങളിൽ വളരെ അനുഗ്രഹകരമായി നടന്നു. പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്ത എല്ലാവർക്കും നന്ദി അറിയിക്കുന്നു.

**ജോൺ മാത്യു.**
വി ബി എസ് കൺവീനർ
**അനിൽ തോമസ്**
സെക്രട്ടറി

**ചിൽഡ്രൻസ് ലിറ്റിൽ കിംഗ്ഡം പ്രവർത്തനങ്ങൾക്കായ് സംഭാവനകൾ അയക്കുന്നവർ താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ അയക്കണമെന്ന് അഭ്യർത്ഥിക്കുന്നു.**

Mr. Johnson K. M, Kappamammoottil (H), Kandanperoor, Kottanad P.O, Tiruvalla 689615, Mob: 09447363991



ചൈൽഡ് ഇവാഞ്ചലിസം ട്രെയിനിംഗ്, ഛത്തീസ്ഗഡ്





വി.ബി.എസ്
മുള്ളരിങ്ങാട്

RNI : KERMAL/2009/35569, Postal Reg.No: KL/TLA/233/2014-16
Printed, Published & Owned by Alex Thomas (Phone: 09447440321)

₹ 10 Published on 24/05/2016

Printed at Bethesda Printers Pvt.Ltd., Cochin, Kerala
Published at SBS Camp Centre, Puthenkavu P.O., Chengannur, Alappuzha Dist, Kerala, Editor: Dr. Johnson C.Philip, Kochi

Posted on 25/05/2016
POSTED AT RMS TIRUVALLA




കുട്ടികൾക്കുനേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന ഈ സാഹചര്യത്തിൽ ചെറുക്കാനും പ്രതികരിക്കാനും പ്രാപ്തരാകുക, അതിനായി പ്രാർത്ഥിക്കുക.

ലിറ്റിൽ കിംഗ്ഡം
മാസികയുടെ
വിവരങ്ങൾക്കായി ബന്ധപ്പെടുക.

**Johnson Madappally**
Madappallil (H), Aasanpady'
Kizhakkambalam P.O,
Ernakulam (Dt)
Mob: **09895727190**

നിങ്ങളുടെ പ്രശ്നങ്ങളിൽ
24മണിക്കൂറും പ്രവർത്തിക്കുന്ന
**ഹെൽപ്പ് ലൈൻ**
പയോജനപ്പെടുത്തുക.
വിളിക്കേണ്ട നമ്പറുകൾ



**09446554645**
**09995198690**
**09447359183**
**09443308014**

SBS
**HELPLINE**
**24** Hours